**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3628** **05-08-2021 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED വിളക്കുകൾ സ്ഥാപിച്ചു നൽകുന്നു. പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം വിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുന്നത് മൂലം വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയും. കൂടാതെ പ്രതിവർഷം 165 കിലോ ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയുന്നു. 290 കോടി രൂപയാണ് പദ്ധതി ചെലവു കണക്കാക്കിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശ സ്വയം ഭരണ വകുപ്പ് ആണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. കെ.എസ്.ഇ.ബി.എൽ ആണ് പദ്ധതി നടപ്പാക്കുന്ന എസ്.പി.വി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ് മത്സരാധിഷ്ഠിത ടെൻഡർ വഴി LED വിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. LED വിളക്കുകൾക്കുള്ള ഏഴു വർഷ വാറണ്ടി ഇ.ഇ.എസ്.എൽ. ഉറപ്പാക്കും. നിലവിൽ ഉള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചു മാറ്റി LED വിളക്കുകൾ സ്ഥാപിച്ചു നൽകുന്നത് കെ.എസ്.ഇ.ബി.എൽ ആണ്. തുടർന്നു വിളക്കുകൾ പരിപാലിക്കേണ്ടത് തദ്ദേശ സ്വയം ഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളാണ്. കിഫ്ബി ആണ് പദ്ധതിക്ക് വേണ്ട ധന സഹായം ചെയ്യുന്നത്. LED വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിയ്ക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. |
| (ബി) | നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ എത്ര തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കെ.എസ്.ഇ.ബി. യുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | നിലാവ് പദ്ധതിക്ക് പ്രത്യേകം എഗ്രിമെന്റ് ആവശ്യമില്ല. പാലക്കാട് ജില്ലയിലെ പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ വരുന്ന 45 പഞ്ചായത്തുകളിലും, ഷൊർണ്ണൂർ സർക്കിളിനു കീഴിൽ വരുന്ന 10 പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ